**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **12-02-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് പ്രൈമറി പ്രഥമാധ്യാപകരുടെ നിയമനാംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 അധ്യയന വർഷം കോട്ടയം, പത്തനംതിട്ട ജില്ലകളിലെ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ പ്രഥമാധ്യാപകരായി നിയമനം ലഭിച്ചവരിൽ എത്ര പേരുടെ നിയമനം അംഗീകരിച്ചിട്ടുണ്ടെന്നും എത്ര പേരുടെ നിയമനം തടഞ്ഞുവെക്കുകയോ നിരസിക്കുകയോ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ആയതിനുള്ള കാരണം ഉപജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | 2024-25 അധ്യയന വർഷം കോട്ടയം ജില്ലയിൽ എയ്ഡഡ്/പ്രൈമറി സ്കൂളുകളിൽ പ്രഥമാധ്യാപകരായി 51 പേർക്കും, പത്തനംതിട്ട ജില്ലയിൽ 43 പേർക്കും നിയമനം ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ 51 പേർക്കും നിയമന അംഗീകാരം ലഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ 37 പേർക്ക് നിയമനത്തിനു അംഗീകാരം ലഭിച്ചിട്ടുണ്ട്. 6 പേരുടെ നിയമനങ്ങൾ നിരസിച്ചിട്ടുണ്ട്. ആയതിൽ ഒരെണ്ണം അപ്പീലിനെ തുടർന്ന് അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നിയമനം നിരസിച്ചതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 6/9/2024-ലെ ഡി.ജി.ഇ./14667/2024-എച്ച് 2/ | (ബി) | പത്തനംതിട്ട ജില്ലയിലെ ഉപജില്ല വിദ്യാഭ്യാസ ഓഫീസായ പുല്ലാട് 3 നിയമനവും ആറൻമുള, റാന്നി , പത്തനംതിട്ട എന്നീ ഉപജില്ലകളിൽ ഓരോ നിയമനവും നിരസിച്ചിരുന്നു. ആയതിൽ പത്തനംതിട്ട ഉപജില്ലയിലെ |

| ഉപജില്ല | നിയമനങ്ങളുടെ എണ്ണം | നിരസിക്കാനുണ്ടായ കാരണം |
|---|---|---|
| ആറന്മുള | 1 | പ്രധാനാദ്ധ്യാപിക ആകുന്നതിനുള്ള ടെസ്റ്റ് യോഗ്യത ഇല്ല, 50 വയസ്സ് പൂർത്തികരിച്ചിട്ടില്ല. |
| റാന്നി | 1 | 12 വർഷം തുടർച്ചയായി അദ്ധ്യാപന പരിചയം<br><br>ഇല്ല. |
| പുല്ലാട് | 3 | ആവശ്യമായ സേവന കാലയളവ് ഇല്ല., സ്കൂളിൽ അംഗീകാരമുള്ള മാനേജർ ഇല്ല. |
| പത്തനംതിട്ട | 1 | അംഗീകാരമുള്ള മാനേജർ ഇല്ല. |

| | | | |
|---|---|---|---|
| | എൽ ഡിസ് നമ്പർ നിർദ്ദേശം പാലിക്കാതെ അപ്പീലിനിടയാക്കിയതും അപ്പീൽ തീർപ്പാക്കാത്തതുമായ എത്ര കേസുകൾ ഉണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | നിയമനം നിലവിൽ അംഗീകരിച്ചിട്ടുണ്ട്.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ പ്രകാരം മറ്റ് 5 അദ്ധ്യാപകർക്കും ലോവർ സ്കെയിലിൽ ശമ്പളം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ